# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.119          29.09.2016 ൽ മറുപടിക്ക്

## ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര.<br>" ഹൈബി ഈഡൻ<br>" കെ.സി.ജോസഫ്<br>" കെ.എസ്.ശബരീനാഥൻ | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പഠനത്തിനായി എന്തു സാമ്പത്തിക സഹായമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ; | എ) | ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് ബുക്ക് &സ്റ്റേഷനറി അലവൻസ് (പ്രതിവർഷം 400/-രൂപ) എസ്കോർട്ട് അലവൻസ് (പ്രതിവർഷം 750/-രൂപ). റീഡേഴ്സ് അലവൻസ് (പ്രതിവർഷം 500/-രൂപ). യൂണിഫോം അലവൻസ് (പ്രതിവർഷം 500/-രൂപ). ട്രാൻസ്പോർട്ട് അലവൻസ് (പ്രതിവർഷം 500/രൂപ) എന്നിവ നല്കിവരുന്നു. ഇവയ്ക്ക് പുറമെ ഒമ്പത് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് 1500 കുട്ടികൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 3,000 രൂപ വീതവും, ഹോസ്റ്റൽ അലവൻസ് 36 കുട്ടികൾക്ക് 10,000 രൂപ വീതവും, ബുക്ക് &സ്റ്റേഷനറിയ്ക്കായി 23952 പേർക്ക് 600 രൂപ വീതവും. യൂണിഫോം അലവൻസായി 630 രൂപ വീതവും. ട്രാൻസ്പോർട്ട് അലവൻസായി 600 രൂപ വീതവും. എസ്കോർട്ട് അലവൻസ് 17502 പേർക്ക് 850 രൂപ വീതവും, റീഡേഴ്സ് അലവൻസ് 1960 പേർക്ക് 750 രൂപ വീതവും, പെൺകുട്ടികൾക്കുള്ള സ്റ്റൈഫന്റ് 10 മാസത്തേക്ക് 9726 പേർക്ക് 200 രൂപ വീതവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുക പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന വിതരണം നടത്തിവരുന്നുണ്ട് |
| ബി) | ഭിന്നശേഷിയുള്ള വിദ്യാർഥികൾക്ക് നൽകിക്കൊണ്ടിരുന്ന സാമ്പത്തിക സഹായത്തിൽ ഈ സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | ബി) | ഇല്ല. |

| | | |
|---|---|---|
| സി) സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചത് ഐ.ഇ.ഡി. സെല്ലിന്റെ അനാസ്ഥമൂലമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | സി) യും ഡിയും | സ്കോളർഷിപ്പുകൾ വെട്ടിക്കുറച്ചിട്ടില്ല |
| ഡി) വെട്ടിക്കുറച്ച ആനുകൂല്യം പുനസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ